















കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്

## എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)

# നേവൽ ട്രെയിനിംഗ് സെന്ററിന്റെ ശിലാസ്ഥാപന കർമ്മം ആക്കുളം പാലത്തിനു സമീപം

**2020 സെപ്റ്റംബർ 14 രാവിലെ 11 മണിക്ക്**





ശിലാസ്ഥാപനം
**ഡോ. കെ.ടി ജലീൽ**
(ബഹു. ഉന്നത വിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)



അദ്ധ്യക്ഷൻ



**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
ബഹു. സഹകരണ, വിനോദ സഞ്ചാരം ദേവസ്വം വകുപ്പ് മന്ത്രി

മുഖ്യാതിഥി



**ശ്രീ. ജി സുധാകരൻ**
ബഹു. പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി

സാന്നിദ്ധ്യം



**ശ്രീ. കെ ശ്രീകുമാർ**
ബഹു. മേയർ, തിരു. നഗരസഭ



**ശ്രീ. ശശി തരൂർ**
ബഹു. എം.പി, തിരുവനന്തപുരം

മാന്യരേ,

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നാഷണൽ കേഡറ്റ് കോറിന്റെ കേരള ലക്ഷദ്വീപ് ഡയറക്ടറേറ്റിന്റെ പരിധിയിൽ വരുന്ന 1 കേരള നേവൽ യൂണിറ്റിന് ആക്കുളത്ത് 1968 - ൽ നേവൽ ട്രെയിനിംഗ് സെന്ററും, ആഫീസും നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ സ്ഥലം അനുവദിച്ചിരുന്നു. തിരുവനന്തപുരം ജില്ലയിൽ നേവൽ കേഡറ്റുകൾക്ക് സ്ഥിരമായ പരിശീലന കേന്ദ്രം ഇല്ലായിരുന്നു. ഈ സാഹചര്യത്തിലാണ് നേവൽ പരിശീലന കേന്ദ്രം നിർമ്മിയ്ക്കാൻ എൻ.സി.സി പ്രൊപ്പോസൽ തയ്യാറാക്കി ഉന്നത വിദ്യാഭ്യാസ – പൊതുമരാമത്ത് വകുപ്പിന് നൽകുകയും, സർക്കാർ പദ്ധതി അംഗീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂൾ/കോളേജിലെ 1000 - ത്തിൽ പരം നേവൽ കേഡറ്റുകളെ സൗജന്യമായി ഓരോ വർഷവും ഇന്ത്യൻ നേവിയുടെ പ്രാഥമിക പരിശീലനവും, നീന്തൽ, സെയിലിംഗ് എക്സ്പെഡിഷൻ, ബോട്ട് പുള്ളിംഗ്, റാഫ്റ്റിംഗ്, യാച്ചിംഗ്, കായക്കിംഗ്, കാനോയിംഗ് തുടങ്ങിയ ജലത്തിലെ സാഹസിക പരിശീലനവും, കൂടാതെ ഡ്രിൽ, ഫയറിംഗ് തുടങ്ങിയ പലിശീലനങ്ങളും കന്യാകുമാരി മുതൽ കാശ്മീർ വരെയുള്ള തെരഞ്ഞെടുത്ത നേവൽ കേഡറ്റുകൾക്ക് 10 ദിവസം വീതമുള്ള ക്യാമ്പ്, ഈ പരിശീലന കേന്ദ്രത്തിൽ വച്ച് നടത്താവുന്നതാണ്. ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യമാണ് പൊതുമരാമത്ത് വകുപ്പും എൻ.സി.സിയും കൂടി രൂപ കല്പന ചെയ്തിരിക്കുന്നത്.

**നിർമ്മാണ പ്രവൃത്തിയുടെ ഉൽഘാടനം 2020 സെപ്റ്റംബർ 14 തീയതി രാവിലെ 11 മണിയ്ക്ക് 1 കേരള നേവൽ യൂണിറ്റ് ആക്കുളത്തിന്റെ ക്യാമ്പ് സൈറ്റിൽ വച്ച് ബഹു: ടൂറിസം സഹകരണ ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ബഹു: ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. കെ. ടി ജലീൽ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കും. ബഹു. പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. ജി സുധാകരൻ മുഖ്യാതിഥിയായി പങ്കെടുക്കും. ബഹു: തിരുവനന്തപുരം നഗരസഭാ മേയർ ശ്രീ. കെ ശ്രീകുമാർ, ബഹു: തിരുവനന്തപുരം എം. പി ഡോ: ശശി തരൂർ എന്നിവർ സന്നിഹിതരായിരിക്കും.**

ഐക്യം, അച്ചടക്കം, രാജ്യസ്നേഹം, മതനിരപേക്ഷമായ വീക്ഷണം, കർത്തവ്യബോധം, സാമൂഹിക പ്രതിബദ്ധത എന്നിവ യുവതലമുറയിൽ വാർത്തെടുക്കാൻ ഈ പരിശീലന കേന്ദ്രത്തിന് കഴിയും. സീനിയർ ആർമി ആന്റ് സിവിൽ ഓഫിസേഴ്സ് എന്നിവർ പങ്കെടുക്കുന്ന പ്രസ്തുത പരിപാടിയിലേക്ക് താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചു കൊള്ളുന്നു. **പരിപാടി കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും.**

എന്ന്,

**മേജർ ജനറൽ മൻദീപ് സിംഗ് ഗിൽ**

അഡീഷണൽ ഡയറക്ടർ ജനറൽ

**തിരുവനന്തപുരം**
**9 സെപ്റ്റംബർ 2020**

# കാര്യപരിപാടി

**ആക്കുളം, 14 – 09 – 2020 രാവിലെ 11 മണി**

| | | |
|---|---|---|
| ഗാർഡ് ഓഫ് ഓണർ | : | **എൻ.സി.സി കേഡറ്റുകൾ** |
| എൻ.സി.സി ഗീതം | | |
| സ്വാഗതം | : | **കേണൽ എസ്. ഫ്രാൻസിസ്**<br>(ഡയറക്ടർ എൻ.സി.സി) |
| ആമുഖ പ്രസംഗം | : | **മേജർ ജനറൽ മൻദീപ് സിംഗ് ഗിൽ**<br>(അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി) |
| അദ്ധ്യക്ഷൻ | : | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണ, വിനോദ സഞ്ചാരം, ദേവസ്വം വകുപ്പ് മന്ത്രി) |
| റിപ്പോർട്ട് അവതരണം | : | **ശ്രീമതി. ഹൈജീൻ ആൽബർട്ട്**<br>(ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം) |
| ശിലാസ്ഥാപനം | : | **ഡോ. കെ. ടി ജലീൽ**<br>(ബഹു. ഉന്നത വിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) |
| മുഖ്യാതിഥി | : | **ശ്രീ. ജി സുധാകരൻ**<br>(ബഹു. പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) |
| മാന്യസാന്നിദ്ധ്യം | : | **ശ്രീ. കെ ശ്രീകുമാർ**<br>(ബഹു. മേയർ തിരുവനന്തപുരം നഗരസഭ) |
| | | **ഡോ. ശശി തരൂർ**<br>(ബഹു. എം. പി, തിരുവനന്തപുരം) |
| ആശംസകൾ | : | **ഡോ. ഉഷാ ടൈറ്റസ്, ഐ. എ. എസ്**<br>(പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്) |
| | | **ഡോ. നവജ്യോത് ഖോസ, ഐ. എ. എസ്**<br>(ജില്ലാ കളക്ടർ തിരുവനന്തപുരം) |
| | | **ശ്രീ. എസ്. ശിവദത്ത്**<br>(കൗൺസിലർ, തിരുവനന്തപുരം നഗരസഭ) |
| | | **ശ്രീ. രാജീവ് പി. എസ്**<br>(ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത് വകുപ്പ്) |
| കൃതജ്ഞത | : | **കമാണ്ടർ. മനുപ്രതാപ് സിംഗ് ഹൂഡ**<br>(കമാൻഡിംഗ് ഓഫിസർ, 1 കേരള നേവൽ) |
| ദേശീയ ഗാനം | : | **എൻ.സി.സി കേഡറ്റുകൾ** |